സ്പോർട്സ് 2/12355/2022/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി : 28.11.2022
ഫോൺ:0471-2580534; supdts.dge@kerala.gov.in

# സർക്കുലർ

വിഷയം : പൊതുവിദ്യാഭ്യാസം - സ്പോർട്സ് - ഗ്രൂപ്പ് VII - സംസ്ഥാനതല അത്‌ലറ്റിക് മത്സരങ്ങൾ നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ- സംബന്ധിച്ച്

സൂചന : ഈ ഓഫീസിലെ 05.09.2022 തീയതിയിലെ സ്പോർട്സ് 1/629021/2022/ഡി.ജി.ഇ, നമ്പർ കത്ത്

************************************

2022 - 2023 വർഷത്തെ സംസ്ഥാന സ്കൂൾ അത്‌ലറ്റിക് മത്സരങ്ങൾ **2022 ഡിസംബർ 03, 04, 05, 06 തീയതികളിൽ തിരുവനന്തപുരം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിലും, യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിലും** വച്ച് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. മുൻ വർഷങ്ങളിൽ നിന്നും വ്യത്യസ്തമായി കായിക മത്സരങ്ങൾ പകൽ - രാത്രി ആയി Floodlight സംവിധാനത്തിൽ നടത്തുവാനാണ് തീരുമാനിച്ചിരിക്കുന്നത്. രാത്രി 8.30 വരെ മത്സരങ്ങൾ ഉണ്ടായിരിക്കും. എല്ലാ ടീം മാനേജർമാരും അതിനുള്ള നിർദ്ദേശങ്ങൾ കായിക താരങ്ങൾക്ക് നൽകേണ്ടതാണ്. പ്രസ്തുത മത്സരങ്ങളുടെ എല്ലാ കാറ്റഗറിയുടേയും രജിസ്ട്രേഷൻ **02.12.2022 ന് വൈകിട്ട് 05 മണിക്ക് തിരുവനന്തപുരം എസ്.എം.വി. മോഡൽ എച്ച്.എസ്.എസ് - ൽ** വച്ച് നടത്തുന്നതാണ്. മത്സരാർത്ഥികൾക്കും, ടീം മാനേജർമാർക്കുമുള്ള പൊതുനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു. നിർദ്ദേശങ്ങൾ നിർബന്ധമായും പാലിക്കേണ്ടതാണ്.

## പൊതുനിർദ്ദേശങ്ങൾ

1. എല്ലാ മത്സരാർത്ഥികളും കൃത്യസമയത്ത് തന്നെ എത്തിച്ചേരേണ്ടതാണ്.
2. ടീമുകളോടൊപ്പം നിർബന്ധമായും മാനേജർ ഉണ്ടാവേണ്ടതാണ്. പെൺകുട്ടികളുടെ ടീമിനൊപ്പം നിർബന്ധമായും വനിത മാനേജർ ഉണ്ടായിരിക്കണം.

3. മത്സരാർത്ഥികൾ, മാനേജർമാർ എന്നിവർക്ക് താമസ സൗകര്യം പൊതുവിദ്യാഭ്യാസ വകുപ്പ് നൽകുന്നതാണ്. ടീം മാനേജർമാർ നിർബന്ധമായും ടീമിനൊപ്പം താമസ സ്ഥലത്ത് ഉണ്ടായിരിക്കേണ്ടതാണ്.

4. അക്കോമഡേഷന്റെ ഭാഗമായി ടീം ഒന്നിന് **2,000/- രൂപ** ക്രമത്തിൽ കരുതൽ ഡിപ്പോസിറ്റ് അതാത് അക്കോമഡേഷൻ സ്ഥലത്ത് അടയ്ക്കേണ്ടതാണ്.

5. കോവിഡ് മാനദണ്ഡങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. ആവശ്യമായ മാസ്ക്, സാനിട്ടൈസർ എന്നിവ കരുതിയിരിക്കണം.

6. മത്സരത്തിൽ പങ്കെടുക്കുന്ന മത്സരാർത്ഥികൾ Online രജിസ്റ്റർ ചെയ്ത individual eligibility സർട്ടിഫിക്കറ്റ് ഹാജരാക്കി രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ടതാണ്.

7. എല്ലാ ടീം മാനേജേഴ്സും അതാതു ജില്ലകളുടെ പേരെഴുതിയ Team Flag രജിസ്ട്രേഷൻ ചെയ്യുന്നതിന് മുമ്പ് സെറിമണി കമ്മിറ്റിയെ ഏൽപ്പിക്കേണ്ടതാണ്. എന്നാൽ മാത്രമേ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കാൻ കഴിയൂ.

8. 3-ാം തീയതി വൈകിട്ട് 6 മണിക്ക് നടക്കുന്ന ഉത്ഘാടനത്തിന് മുൻപ് ഉള്ള മാർച്ച് പാസ്റ്റിൽ എല്ലാ ജില്ലകളും ടീം യൂണിഫോമിൽ വൈകുന്നേരം 5.00 മണിക്ക് ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

9. ഡിസംബർ 2-ാം തീയതി വൈകുന്നേരം 07 മണിക്ക് ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ നടക്കുന്ന മീറ്റിംഗിൽ എല്ലാ ജില്ലാ സ്പോർട്സ് കോർഡിനേറ്റർമാരും, ആർ.ഡി.എസ്.ജി.എ സെക്രട്ടറിമാർമാരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

10. Cross Country മത്സരങ്ങളിൽ പങ്കെടുക്കേണ്ട കായിക താരങ്ങളുടെ മെഡിക്കൽ ചെക്കപ്പ് 5-ാം തീയതി സ്റ്റേഡിയത്തിൽ നടക്കും. മത്സരാർത്ഥികൾ നിർബന്ധമായും മെഡിക്കൽ ചെക്കപ്പ് പൂർത്തിയാക്കിയിരിക്കണം.

11. Pole Vault - ൽ പങ്കെടുക്കുന്ന കായികതാരങ്ങൾ അതിനുള്ള Pole സ്വന്തമായി കൊണ്ടുവരേണ്ടതാണ്.

12. മത്സരത്തിൽ പങ്കെടുക്കുന്ന കായിക താരങ്ങൾ Warming up സമയത്തോ മത്സരത്തിൽ പങ്കെടുക്കുമ്പോഴോ Kerala, India, Khelo India തുടങ്ങിയവ എഴുതിയ ജഴ്സി ധരിക്കാൻ പാടില്ല.

**രജിസ്ട്രേഷനുമായി ബന്ധപ്പെട്ട ഫോൺ നം :**

ശ്രീ. എസ്. നിഹാസ് - 9496269367

ശ്രീ. തമീമുദ്ദീൻ - 9567631001

**ഗതാഗതത്തിനായി ബന്ധപ്പെടേണ്ട ഫോൺ നം :**

ശ്രീ. പ്രിൻസ് എം. - 9446967988

ശ്രീ. റെനിഷ് വിൽസൺ - 8075758452

**താമസ സൗകര്യത്തിനായി ബന്ധപ്പെടേണ്ട ഫോൺ നം :**

ശ്രീ. വട്ടപ്പാറ അനിൽകുമാർ - 9496268327

ശ്രീ. ജിലിൻ ജോസ് - 9447101876

**പൊതുവായി ബന്ധപ്പെടേണ്ട ഫോൺ നമ്പർ :**

ശ്രീ. ലിജിൻ ആർ.എസ്, ജില്ലാ സ്പോർട്സ് കോ - ഓർഡിനേറ്റർ - 9947081083

ശ്രീ. പ്രദീപ് കുമാർ എസ്, ആർ.ഡി.എസ്.ജി.എ സെക്രട്ടറി - 9495123089

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

പകർപ്പ് :

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും (വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)
3. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)
4. ജില്ലാ സ്പോർട്സ് കോ-ഓർഡിനേറ്റർമാർക്കും (വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)
5. ആർ.ഡി.എസ്.ജി.എ സെക്രട്ടറിമാർക്കും (വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)